7. ഏവിയേഷൻ മുൻകരുതൽ ലൈറ്റുകൾ സ്ഥാപിച്ചിരിക്കണം.

8. അന്തർദ്ദേശീയ കളർ കോഡ് അനുസരിച്ച് ടവർ പെയിന്റ് ചെയ്തിരിക്കണം.

9. സൈനിക സ്ഥാപനങ്ങളിൽനിന്ന് 200 മീറ്ററും റെയിൽവേയുടെ സ്ഥലത്തുനിന്ന് 100 മീറ്ററും ദൂരപരിധി പാലിച്ചിരിക്കണം.

നെൽകൃഷി വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

15 (*34) ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകൃഷി വികസനത്തിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ :

(ബി) സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലമായി നെല്ലിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ :

(സി) തരിശു കിടന്ന എത്ര ഏക്കർ സ്ഥലത്താണ് സർക്കാർ പുതുതായി നെൽകൃഷി നടത്തിയിട്ടുള്ളത് :

(ഡി) നെൽകൃഷി നടത്തിയിരുന്ന എത്ര ഏക്കർ സ്ഥലമാണ് ഇപ്പോൾ തരിശായി കിടക്കുന്നത്;

(ഇ) വിവരസാങ്കേതിക വിദ്യയുടെയും ജൈവസാങ്കേതിക വിദ്യയുടെയും അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തി നെൽകൃഷി ഉൾപ്പെടെ സംസ്ഥാനത്തെ കാർഷികരംഗം നവീകരിക്കുന്നതിനായി സർക്കാർ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) 1. ഉല്പാദന ചെലവു കുറയ്ക്കുന്നതിനായി ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നടപ്പിലാക്കുന്നു.

2. അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നു.

3. വിത്ത് വിതരണം കാര്യക്ഷമതയോടുകൂടിയും സമയബന്ധിതവുമായി നടപ്പിലാക്കുവാൻ വിത്ത് വികസന അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്.

4. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ സീസണിലും നെൽകൃഷി ചെയ്യുന്ന കർഷകന് ഹെക്ടറിന് 350 രൂപ നിരക്കിൽ ഉല്പാദന ബോണസ് നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

5. നെൽകൃഷിക്ക് ഭൂപരിധിയില്ലാതെ വൈദ്യുതി സൗജന്യം നൽകുന്നുണ്ട്.

6. പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ധനസഹായം നൽകുന്നു.

7. സംയോജിത വളപ്രയോഗം, സംയോജിത കീടനിയന്ത്രണം, ജലപരിപാലനം എന്നിവ നടപ്പിലാക്കുന്നു.

8. വിളനാശം സംഭവിച്ച കർഷകർക്ക് സൗജന്യമായി വിത്ത്, കുമ്മായം എന്നിവ നൽകിയിട്ടുണ്ട്.

9. വിളനാശം സംഭവിച്ച കർഷകർക്കുള്ള നഷ്ടപരിഹാര തുക ഇരട്ടിയാക്കിയിട്ടുണ്ട്.

10. കൃഷിനാശം നേരിട്ട കർഷർ സഹകരണ ബാങ്കുകളിൽ നിന്നും മറ്റും എടുത്ത ലോണുകളുടെ പലിശ, പിഴപലിശ എന്നിവയ്ക്ക് ഇളവനുസരിക്കുകയും ഒരു വർഷത്തേക്ക് സഹകരണ രജിസ്ട്രാറും രണ്ടു വർഷത്തേക്ക് കൊമേഴ്സ്യൽ ബാങ്കുകളും മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുമുണ്ട്.

11. കുട്ടനാടിന്റെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ട് പ്രദേശത്തെ 33000 ഹെക്ടറോളം വരുന്ന പാടശേഖരങ്ങളുടെ സമഗ്ര വികസനത്തിനായി നബാർഡിന്റെ ധനസഹായത്തോടെ ഒരു ബൃഹത് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

12. മറ്റ് നെല്ല് വികസന സമിതികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ നബാർഡ് സഹായത്തോടെ നടപ്പിലാക്കുന്നു.

13. നെൽകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി നടപ്പു സാമ്പത്തിക വർഷം 1000 ഹെക്ടർ തരിശുഭൂമിയിൽ തൊഴിൽരഹിതരായ യുവജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് നെൽകൃഷി ചെയ്യുന്നതിനുള്ള ഒരു പദ്ധതി നടപ്പിലാക്കുന്നുണ്ട്.

14. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായപ്രകാരം നെൽകൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറിന് 1000 രൂപ നിരക്കിൽ ധനസഹായം നൽകുന്നു.

(ബി) വിവിധ കാരണങ്ങളാൽ സംസ്ഥാനത്ത് നെൽകൃഷി ചെയ്തുവരുന്ന ഭൂമിയുടെ വിസ്തൃതി കുറഞ്ഞുവരുന്നതുൾപ്പെടെയുള്ള കാരണങ്ങളാൽ നെല്ലുൽപ്പാദനത്തിൽ കുറവു വന്നിട്ടുണ്ട്. എന്നാൽ മുകളിൽ വിവരിച്ച വിവിധ നടപടികളിലൂടെ നെല്ലിന്റെ ഉല്പാദനക്ഷമത ഹെക്ടറിന് 1.72 ടണ്ണിൽ നിന്നും 2.21 ടണ്ണായി ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്ത് നിലവിലുള്ള തരിശുഭൂമിയിൽ 1000 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) 103153 ഏക്കർ (41761 ഹെക്ടർ).

(ഇ) വിവര സാമ്പത്തിക വിദ്യയുടെയും ജൈവസാങ്കേതിക വിദ്യയുടെയും അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തി സംസ്ഥാനത്തെ കാർഷിക രംഗം നവീകരിക്കുന്നതിന് "കിസാൻ കേരള", "ബയോടെക് കേരള" എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിവരസാങ്കേതിക വിദ്യയുടെ ഭാഗമായി എല്ലാ കൃഷി ഭവനുകളിലും കംപ്യൂട്ടർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ദൂരദർശനിലൂടെ "കൃഷി ദർശൻ" പരിപാടിയും ഏഷ്യാനെറ്റിലൂടെ "കിസാൻ കൃഷി ദീപ" പരിപാടിയും ടെലികാസ്റ്റ് ചെയ്തുവരുന്നു. "ബയോടെക് കേരള" പദ്ധതിയുടെ ഭാഗമായി ഗുണമേന്മയുള്ള വിവിധ ഇനം തൈകൾ ഉല്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കി ഉല്പാദനക്ഷമത മെച്ചപ്പെടുത്തി കൃഷി കൂടുതൽ ആദായകരമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കാർഷിക വിപ്ലവം ത്വരിതപ്പെടുത്തുവാൻ നടപടി

16 (*35) ശ്രീ. ടി. എൻ. പ്രതാപൻ :

ശ്രീ. പി. ജെ. ജോയി :

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉപഗ്രഹങ്ങളുടെ സഹായത്തോടെ കാലാവസ്ഥയെപ്പറ്റിയും മണ്ണ്, വെള്ളം, വിത്ത് എന്നിവയെപ്പറ്റിയും പഠിച്ച് കർഷകന് ആവശ്യമായ ഉപദേശം നൽകുവാൻ പദ്ധതിയുണ്ടോ; അതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരം പ്രവർത്തനം കർണ്ണാടകയിൽ നടക്കുന്നുണ്ടോ എന്നന്വേഷിച്ചു പറയുമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) ഉണ്ട്. ഇതിന്റെ ഭാഗമായി സാറ്റലൈറ്റ് ഇമേജറി ഉപയോഗിച്ച് മണ്ണ്, ജലം എന്നിവയുടെ ശാസ്ത്രീയ വിശകലനം നടത്താനുള്ള നടപടികൾ സോയിൽ സർവ്വേ വിഭാഗത്തിൽ ആരംഭിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ലാന്റ് യൂസ് ബോർഡിലും ഇതുസംബന്ധിച്ച പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly